പത്രക്കുറിപ്പ്
റിസർവ് ബാങ്ക് ഓഫ് ഇന്ത്യ
2006,മാർച്ച് 6

**വ്യക്തികൾക്ക് വിദേശവിനിമയ ലഭ്യത കൂടുതൽ എളുപ്പമാകുന്നു: വ്യാപാരേതര കറന്റ് അക്കൗണ്ട് ഇടപാടുകൾ കൈകാര്യം ചെയ്യാൻ കൂടുതൽ സ്ഥാപനങ്ങൾ**

വ്യക്തികൾക്ക് വിദേശവിനിമയം കൂടുതൽ എളുപ്പം ലഭ്യമാക്കാനായി നടപടികൾ പ്രഖ്യാപിക്കുന്ന ഒരു വിജ്ഞാപനം റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഇന്ന് പുറത്തിറക്കിയിരിക്കുന്നു. വിജ്ഞാപനപ്രകാരം തിരഞ്ഞെടുക്കപ്പെട്ട സമ്പൂർണ്ണനാണയ പരിവർത്തന സ്ഥാപനങ്ങൾ , അർബൺ സഹകരണ ബാങ്കുകൾ, ഗ്രാമീണ മേഖലാ ബാങ്കുകൾ എന്നിവയ്ക്ക് ഇനിമേൽ പലതരം വ്യാപാരേതര കറന്റ് അക്കൗണ്ട് ഇടപാടുകളുമായി ബന്ധപ്പെട്ട വിദേശവിനിമയ ആദാനപ്രധാനവുമായി ബന്ധപ്പെട്ട ഇടപാടുകളുടെ കൂടുതൽ വിപുലമായ ഒരു ശ്രേണി ഏറ്റെടുത്തു നടത്താൻ അനുവാദമുണ്ടാകും.

വിദേശവിനിമയവുമായി ബന്ധപ്പെട്ട ഇടപാടുകൾ കൂടുതൽ ഉദാരവത്ക്കരിക്കുന്നതിലൂടെ സാധാരണക്കാർക്കും ഇനി റിസർവ് ബാങ്കിനെ സമീപിക്കാതെ തന്നെ പലതരം വ്യാപാരേതര കറന്റ് അക്കൗണ്ട് ഇടപാടുകൾ നടത്താം. ഉദാഹരണത്തിന്, വ്യക്തികൾക്ക് വിനോദസഞ്ചാരം, ചികിത്സ, വിദേശ വിദ്യാഭ്യാസം എന്നിവയടക്കം പൊതുവെ വ്യാപാരവുമായി ബന്ധമില്ലാത്ത പലതരം കറന്റ് അക്കൗണ്ട് ഇടപാടുകൾക്ക് വേണ്ട വിദേശവിനിമയം ലഭ്യമാകും. ഇപ്പോൾ ഇത്തരം ആവശ്യങ്ങൾക്ക് അംഗീകൃത ഡീലർമാരിലൂടെ മാത്രമേ വ്യക്തികൾക്ക് വിദേശവിനിമയം ലഭ്യമാകുന്നുള്ളു. തെരഞ്ഞെടുക്കപ്പെട്ട അർബൺ സഹകരണബാങ്കുകളെയും ഗ്രാമീണ മേഖലീയ ബാങ്കുകളെയും ഇത്തരം ആവശ്യങ്ങൾക്ക് വിദേശവിനിമയം ലഭ്യമാക്കാൻ സമ്പൂർണ്ണനാണയ പരിവർത്തകരെന്ന നിലയ്ക്ക് അനുവദിക്കുന്നതിലൂടെ, വ്യക്തികൾക്ക് ഇത്തരം ആവശ്യങ്ങൾക്ക് വേണ്ട വിദേശവിനിമയം കൂടുതൽ സ്ഥാപനങ്ങളിലൂടെ ലഭ്യമാകും.

ഇനം 2 അംഗീകൃതഡീലർമാർ എന്ന് പേരുള്ള ഈ സ്ഥാപനങ്ങൾക്ക് സ്വകാര്യസന്ദർശനങ്ങൾ, വ്യാപാരയാത്ര, ആഗോളസമ്മേളനങ്ങളിൽ പങ്കെടുക്കാനുള്ള ഫീസ്, അന്തർദേശീയ പരിപാടികൾ/മത്സരങ്ങൾ എന്നിവയിൽ ചേരാൻ വേണ്ട പണം, സിനിമാ ഷൂട്ടിംഗ്, വിദേശ ചികിത്സ, വിദേശ വിദ്യാഭ്യാസം, വിദേശത്തുള്ള സർവകലാശാലകളുമായി

ഉണ്ടാകുന്ന വിദ്യാഭ്യാസ കരാറുകൾ അനുസരിച്ചുള്ള അടവ്, ഇന്ത്യയിലും വിദേശത്തുമുള്ള പരീക്ഷകളുടെ ഫീസിനുള്ള അടവ്, ജി. ആർ.ഇ, ടോഫെൽ, ഇത്യാദികളുടെ അധിക സ്കോർ ഷീറ്റുകൾക്ക് വേണ്ടി അടവ്, കുടിയേറ്റം ലക്ഷ്യമിടുന്നവർക്ക് വിദേശതൊഴിലുകൾക്കായുള്ള അപേക്ഷകളുടെ സംസ്കരണം, മൂല്യനിർണ്ണയം എന്നിവയുടെ ഫീസ്, കുടിയേറിപാർപ്പ്, കുടിയേറിപ്പാർപ്പ് സംബന്ധിച്ച ഉപദേശങ്ങൾക്കുള്ള ഫീസ്, കുടിയേറ്റം ലക്ഷ്യമാക്കുന്നവരുടെ ശേഷികൾ, വിശ്വാസ്ത എന്നിവ നിർണ്ണയിക്കുന്നതിനുള്ള ഫീസ്, വിസാ ഫീസ്, അന്തർദേശീയ സംഘടനകൾക്കായുള്ള രജിസ്ട്രേഷൻ/വരിസംഖ്യ/അംഗത്വഫീസ് എന്നിവയ്ക്കു വേണ്ടിയുള്ള വിദേശവിനിമയം നടത്താൻ ഇനി സാധിക്കും.

വിദേശവിനിമയ ഇടപാടുകൾ ഏറ്റെടുത്തുനടത്താൻ ലൈസൻസുള്ള അംഗീകൃത വ്യക്തികളുടെ ഇടനിലതലം വിപുലവും യുക്തിക്കനുസൃതവും ആക്കാൻ തീരുമാനിച്ചതോടെ സാധാരണക്കാർക്ക് വിദേശവിനിമയം കൂടുതൽ എളുപ്പം എത്തിക്കാനാകുമെന്നും മത്സരം ഉപഭോക്തൃസേവനം മെച്ചമാക്കാൻ സഹായിക്കുമെന്നും റിസർവ് ബാങ്ക് പ്രത്യാശിക്കുന്നു.

ഇപ്പോൾ അംഗീകൃത വ്യക്തികൾ ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനങ്ങളുടെ വ്യാപ്തി കൂടുതൽ ഉദാരമാക്കുക, യുക്തിപരമാക്കുക എന്നീ ഉദ്ദേശങ്ങളോടെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിച്ച് ലഭ്യത വിപുലവും വർധിതവും ആകുന്നതോടൊപ്പം സുരക്ഷാസംവിധാനവും ശക്തമാക്കുക - വിശിഷ്യ, റിപ്പോർട്ട് ചെയ്യപ്പെടേണ്ട വിഷയങ്ങൾ കൃത്യമായ് റിപ്പോർട്ട് ചെയ്യുമെന്ന് ഉറപ്പാക്കുക - എങ്ങനെയെന്ന് പഠിക്കാൻ ഒരു ആഭ്യന്തര സംഘത്തെ നിയോഗിച്ചിരുന്ന കാര്യം ഓർക്കുമല്ലോ. ഈ ആഭ്യന്തരസംഘത്തിന്റെ റിപ്പോർട്ട് പ്രതികരണങ്ങൾ അറിയാനായി ആർ.ബി.ഐ വെബ്സൈറ്റിൽ കൊടുത്തിരുന്നു. ആഭ്യന്തര സംഘത്തിന്റെ ശുപാർശകളെ കുറിച്ച ഇങ്ങനെ ലഭിച്ച പ്രതികരണങ്ങൾ കൂടി കണ ക്കിലെടുക്കുന്നതിനാണ്, കറന്റ് അക്കൗണ്ട് ഇടപാടുകൾക്ക് വിദേശവിനിമയം നൽകാൻ കൂടുതൽ പേരേ അനുവദിക്കുന്ന ഇന്നത്തെ വിജ്ഞാപനം

ഈ വിഷയത്തിലുള്ള 2006 മാർച്ച് 6 ലെ എ.പി (ഡിറക്റ്റ് സീരീസ് ) വിജ്ഞാപനം നമ്പർ 25 ആർ ബി ഐ യുടെ http://www.rbi.org.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

അൽപ്പന കില്ലാവന
മുഖ്യ പൊതുകാര്യദർശി

പത്രക്കുറിപ്പ് 2005-2006/1124